പതിനാലാം കേരള നിയമസഭ

ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ :542 24.01.2018 ലെ മറുപടിക്ക്

**ചെറുകിട കയർ ഉൽപാദക സംഘങ്ങളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്ന പദ്ധതി**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.ആർ. രാമചന്ദ്രൻ | ഡോ.ടി.എം.തോമസ് ഐസക്<br>(ധനകാര്യവും കയറും വകുപ്പ് മന്ത്രി) |

| | |
|---|---|
| എ) ചെറുകിട കയർ ഉൽപാദക സഹകരണ സംഘങ്ങളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് നടപ്പിലാക്കിവരുന്ന പദ്ധതികളുടെ വിശദാംശം ലഭ്യമാക്കുമോ; | എ) ചെറുകിട കയർ ഉല്പാദക സംഘങ്ങൾ ഉല്പാദിപ്പിക്കുന്ന ഉല്പന്നങ്ങൾ ന്യായവില നൽകി കയർ കോർപ്പറേഷൻ സംഭരിച്ച് വിൽപ്പന/കയറ്റുമതി നടത്തുന്നു. കയർ കോർപ്പറേഷൻ ഉല്പന്നങ്ങൾ സംഭരിച്ച് വിൽക്കുമ്പോൾ ഉണ്ടാകുന്ന സാമ്പത്തിക ബാധ്യത പരിഹരിക്കുന്നതിന് പി.പി.എസ്.എസ് പദ്ധതി പ്രകാരം കോർപ്പറേഷന് തുക അനുവദിച്ച് നൽകുന്നു. ചെറുകിട ഉല്പാദക സംഘങ്ങൾക്കാണ് ഇതുവഴി ആത്യന്തിക പ്രയോജനം ലഭിക്കുന്നത്. ചെറുകിട ഉല്പാദക സംഘങ്ങൾക്ക് പി.പി.എസ്.എസ് പദ്ധതി പ്രകാരം ഉല്പന്ന വിലയുടെ 3% കയർ കോർപ്പറേഷൻ മുഖേന സർവ്വീസ് ചാർജ്ജ് നൽകുന്നു.<br>കയർ കോ-ഓപ്പറേറ്റീവ് സപ്പോർട്ട് സപ്പോർട്ട് സ്കീം പ്രകാരം അർഹരായ സംഘങ്ങൾക്ക് വർക്കിംഗ് ക്യാപ്പിറ്റൽ നൽകുന്നു. അതോടൊപ്പം അടിസ്ഥാന സൗകര്യവികസന പദ്ധതി പ്രകാരമുള്ള ആനുകൂല്യങ്ങളും നൽകിവരുന്നു. കയർപിരി സഹകരണ സംഘങ്ങൾ ഉൽപാദിപ്പിക്കുന്ന കയർ പരിധിയില്ലാതെ കയർഫെഡ് സംഭരിക്കുകയാണ്. ഈ സംഘങ്ങളുടെ ആധുനീകരണത്തിന് ഉതകുന്ന പദ്ധതിയാണ് 2-ാം കയർ പുന:സംഘടന ഇതിന് തുടക്കമായിട്ടുണ്ട്. |
| ബി) ചകിരി ക്ഷാമം പരിഹരിക്കുന്നതിനായി നടത്തിവരുന്ന പദ്ധതികൾ വിശദീകരിക്കുമോ; | ബി) സംസ്ഥാനത്ത് കയർ മേഖലയ്ക്ക് ആവശ്യമായ ചകിരി ഇവിടെത്തന്നെ ഉൽപ്പാദിപ്പിച്ച് സ്വയംപര്യാപ്തത നേടുന്നതിനാണ് സർക്കാർ ലക്ഷ്യമിടുന്നത്. ഇതിനായി വൻകിട ഉൽപ്പാദനശേഷിയുള്ള ഡി.എഫ്. യൂണിറ്റുകളും, ചെറുകിട ഇടത്തരം ശേഷിയുള്ള ഡി.എഫ്. യൂണിറ്റുകളും സംസ്ഥാനത്ത് സ്ഥാപിക്കുകയാണ്. കയർഫെഡിന്റെ ആഭിമുഖ്യത്തിൽ പാലക്കാട് |

| | |
|---|---|
| | ജില്ലയിൽ പൊന്നാനി പ്രോജക്ടിന്റെ പരിധിയിലുള്ള വടവന്നൂരിൽ പ്രതിദിനം 30,000 തൊണ്ട് ചകിരിയാക്കാൻ കഴിയുന്ന ഡി.എഫ്. യൂണിറ്റ് പ്രവർത്തനസജ്ജമായിട്ടുണ്ട്. ഈ യൂണിറ്റിന്റെ മൊത്തം ശേഷി തൊണ്ടിന്റെ ലഭ്യതയനുസരിച്ച് 60,000 തൊണ്ട് എന്ന നിലയ്ക്ക് ഉയർത്തുന്നതിന് കഴിയുന്നതാണ്. കേരള സ്റ്റേറ്റ് കയർ കോർപ്പറേഷന്റെ ബേപ്പൂർ ഡിവിഷനിൽ 30,000 തൊണ്ടുകൾ ഒരു ഷിഫ്റ്റിൽ സംസ്കരിക്കുവാൻ കഴിയുന്ന ഡി.എഫ് യൂണിറ്റ് പ്രവർത്തന സജ്ജമായിട്ടുണ്ട്.<br><br>കുടുംബശ്രീ സ്വയം സഹായ സംഘങ്ങളുടെ സഹായത്തോടുകൂടി സംസ്ഥാനത്ത് ചെറുകിട ചകിരി ഉൽപ്പാദന യൂണിറ്റുകൾ ആരംഭിക്കുന്നതിന് നടപടി ആയിട്ടുണ്ട്. കണ്ണൂർ ജില്ലയിൽ ഇപ്രകാരമുള്ള ഒരു യൂണിറ്റ് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. സംസ്ഥാനത്ത് വരുന്ന അഞ്ചുവർഷം കൊണ്ട് 1000 ചകിരി ഉൽപ്പാദക യൂണിറ്റുകൾ പ്രവർത്തിപ്പിക്കുന്നതിന് ലക്ഷ്യം വച്ചിട്ടുണ്ട്. |
| സി) സംസ്ഥാനത്തെ ചകിരിയുടെ ലഭ്യത ഉറപ്പാക്കുന്നതിനുവേണ്ടി വീടുകളിൽ നിന്ന് തൊണ്ട് സംഭരിക്കുന്നതിന് കുടുംബശ്രീയുടെ സേവനം പ്രയോജനപ്പെടുത്തുന്നതിന് പദ്ധതി രൂപീകരിക്കുമോ; വിശദീകരിക്കുമോ? | സി) കുടുംബശ്രീയുടെ ആഭിമുഖ്യത്തിൽ ആരംഭിക്കുന്ന ഡി.എഫ് മില്ലുകളിലേക്ക് വീടുകളിൽ നിന്നും കുടുംബശ്രീ അംഗങ്ങൾ ശേഖരിക്കുന്ന തൊണ്ടുകൂടി ഉപയോഗപ്പെടുത്തി ചകിരി ഉല്പാദനം വർദ്ധിപ്പിക്കാനാണ് നടപടി സ്വീകരിച്ചിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ

8